LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കോട് ചാൽ നവീകരണം

328(1029) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണത്തിന് ഡി.റ്റി.പി.സി. മുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ഏജൻസി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി 2016 ഫെബ്രുവരിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വെട്ടിക്കോട് ചാലിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതി പ്രദേശം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് സ്റ്റേറ്റ് ടൂറിസം പ്രോജക്ട് ഡിസൈനേഴ്സ് പാനലായ ഗ്രേറ്റ് ഇൻഡ്യാ ടൂറിസം പ്ലാനേഴ്സ് & കൺസൾട്ടൻസ് ഇന്റർനാഷണലിനെ (ജിറ്റ്പാക്) DPR തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

സീ പ്ലെയിൻ പദ്ധതി

329(1030) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സീപ്ലെയിൻ പദ്ധതിക്കായി ഇതിനകം മൊത്തം എത്ര തുക ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കായി തുക വിനിയോഗിച്ചു; തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്രയായിരുന്നു; പിൻവലിച്ചത് എത്ര; എന്തെല്ലാം ആവശ്യങ്ങൾക്കെന്ന് വ്യക്തമാക്കാമോ;

(ബി) സീപ്ലെയിൻ സർവ്വീസ് എന്തെല്ലാം കൂട്ടിൽ നടത്തുന്നുണ്ട്;

(സി) ഏത് ഏജൻസി വഴിയാണ് സീപ്ലെയിൻ സർവ്വീസ് നടത്തുന്നത്; പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ ഇത് പ്രയോജനപ്പെടുത്തുകയുണ്ടായി;